**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 441** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പുകൾക്കുള്ള പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി)** | |
| (എ) | സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന യുവ സംരംഭകർക്ക് സ്റ്റാർട്ടപ്പ് മിഷനിലൂടെ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സ്റ്റാർട്ടപ്പുകൾ ആരംഭിക്കാനുദ്ദേശിക്കുന്ന സംരംഭകർക്ക് കേരള സ്റ്റാർട്ടപ്പ് മിഷനിലൂടെ താഴെപ്പറയുന്ന സഹായങ്ങൾ നൽകി വരുന്നു. 1) ആശയം ഉൽപ്പന്നമാക്കി മാറ്റുന്നതിനും ഉൽപ്പന്നം വിപണിയിൽ നിലനിൽക്കുന്ന തരത്തിൽ രൂപപ്പെടുത്തുന്നതിനും ഉല്പന്ന വിപണനത്തിനും ആവശ്യമുള്ള ഉപദേശങ്ങൾ, മെന്ററിംഗ്, വിപണന ബന്ധങ്ങൾ എന്നിവ 2) പ്രാഥമിക ആവശ്യങ്ങളായ കമ്പനി രജിസ്ട്രേഷൻ, DPIIT രജിസ്ട്രേഷൻ, കേരള സ്റ്റാർട്ടപ്പ് മിഷന്റെ യൂണിക്ക് ഐഡി എന്നിവ നേടുന്നതിനാ വശ്യമായ ഉപദേശങ്ങൾ. 3) ഫെയിൽ ഫാസ്റ്റ് ആന്റ് സക്സീഡ് എന്ന വെർച്ചൽ ഇങ്കുബേഷൻ പരിപാടി. 4) ഇന്നവേഷൻ ഗ്രാന്റ് പദ്ധതി. 5) സീഡ് വായ്പ പദ്ധതി. 6) കേരള സ്പെസിഫിക് ഏഞ്ചൽ ഫണ്ട് പദ്ധതി. 7) പ്ലഗ്ഗ് ആന്റ് പ്ലേ സൗകര്യം. 8) മെന്റർഷിപ്പ് സൗകര്യം. 9) സൗജന്യ ക്ലൗഡ് ക്രെഡിറ്റ്സ്. 10) സൂപ്പർ ഫാബ് ലാബ്, ഫാബ് ലാബുകൾ. 11) ഫ്യൂച്ചർ ലാബുകൾ. 12) സാങ്കേതിക പരിജ്ഞാന പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അവസരം. 13) ദേശീയ അന്തർദേശീയ തലത്തിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും ഉല്പന്നങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള സഹായം. 14) വനിതാ സംരംഭകർക്ക് അതിവേഗ വായ്പ സൗകര്യം. |
| (ബി) | സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. കൊച്ചി കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് ടെക്നോളജി ഇന്നവേഷൻ സോൺ സ്ഥാപിച്ചുവരികയാണ്. ആദ്യ ഘട്ടമായി 1.80 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഇന്റഗ്രേറ്റഡ് സ്റ്റാർട്ടപ്പ് കോംപ്ലക്സ് എന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്നു. രണ്ടാം ഘട്ടമായി രണ്ട് |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം KIIFB യുടെ ധനസഹായത്തോടെ പുരോഗമിച്ചുവരുന്നു. മൂന്നാമത്തെ കെട്ടിടം നിർമിച്ച് ഉപയോഗിക്കുന്നതിനായി കേന്ദ്ര സർക്കാർ സ്ഥാപനമായ STPI ക്ക് അനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം കൂടി പൂർത്തിയാക്കുന്നതോടെ ലോകോത്തര നിലവാരമുള്ള ഒരു പൂർണ്ണ ഇന്നവേഷൻ ഹബ്ബ് ആയി ടെക്നോളജി ഇന്നവേഷൻ സോൺ മാറും. മേൽപ്പറഞ്ഞതു കൂടാതെ തിരുവനന്തപുരത്ത് ടെക്നോപാർക്ക്, കോഴിക്കോട് സൈബർപാർക്ക്, UL സൈബർപാർക്ക്, പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജ്, കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ കെട്ടിടം എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ്പ് മിഷന് സ്വന്തം ഇങ്കുബേറ്ററുകളും തിരുവനന്തപുരം ടെക്നോപാർക്ക് കാമ്പസ്സിലെ C-DAC കെട്ടിടത്തിൽ ആക്സിലറേറ്ററും നിലവിലുണ്ട്. ഇവയെല്ലാം സജ്ജീകരിക്കുന്നത് ലോകോത്തര നിലവാരത്തിലാണ്. കൂടാതെ, MIT യുടെ സഹകരണത്തോടെ കേരള സ്റ്റാർട്ടപ്പ് മിഷൻ കൊച്ചിയിൽ സൂപ്പർ ഫാബ് ലാബ് സ്ഥാപിച്ചുവരുന്നു. |
| (സി) | പുതിയ സ്റ്റാർട്ടപ്പ് സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കേരള സ്റ്റാർട്ടപ്പ് മിഷൻ നൽകുന്ന സേവനങ്ങളെല്ലാം ഓൺലൈനായാണ് ലഭ്യമാക്കുന്നത്. |
| (ഡി) | കേരളത്തിലെ സ്റ്റാർട്ടപ്പ് വ്യവസായ സംരംഭങ്ങളിൽ വനിതാ സംരംഭകരുടെ പങ്കാളിത്തം വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. വനിതകൾക്കായി പ്രത്യേക ഇങ്കുബേഷൻ പരിപാടികൾ, ധനസഹായ പദ്ധതികൾ, അന്താരാഷ്ട്ര ഇന്നവേഷൻ ചലഞ്ചുകൾ എന്നിവ നടപ്പിലാക്കിയതു വഴി വനിതാ സംരംഭകരുടെ പ്രാതിനിധ്യം വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ